ഭരണഭാഷ - മാതൃഭാഷ

# ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്
## (സാന്നിദ്ധ്യം : ധന്യ.ആർ.കുമാർ)

0477 - 2252908 email.ddealp@gmail.com

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനം അന്തർജില്ലാ സ്ഥലംമാറ്റം 2018-19 ജൂനിയർ ലാംഗ്വേജ് ടീച്ചർ പാർട്ട്ടൈം (സംസ്കൃതം) - അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1) സർക്കുലർ നമ്പർ. എ1/60000/2018/DPI തീയതി. 03.12.2018.
2) അദ്ധ്യാപകരുടെ ഓൺലൈൻ സ്ഥലംമാറ്റ അപേക്ഷ
3) സ.ഉ(പി) നമ്പർ.42/2012/പി.& എ.ആർ.ഡി തീയതി. 23.08.2016.
4) സ.ഉ(എം.എസ്) 94/2003/പൊ.വി തീയതി. 23.04.2003.

**ഉത്തരവ് നമ്പർ.എ3/614/2019/ഡി.ഡി.ഇ, തീയതി27.05.2019**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (1) സർക്കുലർ പ്രകാരം ലഭിച്ച ഓൺലൈൻ സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിച്ച് താഴെ പറയുന്ന അദ്ധ്യാപകർക്ക് ആലപ്പുഴ ജില്ലയിലേയ്ക്ക് ജൂനിയർ ലാംഗ്വേജ് ടീച്ചർ പാർട്ട്ടൈം (സംസ്കൃതം) തസ്തികയിലേയ്ക്ക് ഉടൻ പ്രാബല്യത്തിൽ അന്തർജില്ലാ സ്ഥലം മാറ്റം അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

അന്തർജില്ലാ സ്ഥലംമാറ്റം ലഭിക്കുന്ന അദ്ധ്യാപകർ ആലപ്പുഴ ജില്ലയിൽ ജൂനിയർ ലാംഗ്വേജ് ടീച്ചർ പാർട്ട്ടൈം (സംസ്കൃതം) തസ്തികയിൽ ഏറ്റവും ജൂനിയറായി മാത്രമേ പരിഗണിക്കപ്പെടുകയുള്ളൂ എന്ന് അംഗീകരിക്കുന്ന ഒരു പ്രസ്താവന ടി അദ്ധ്യാപകരിൽ നിന്നും വാങ്ങി സാക്ഷ്യപ്പെടുത്തി സേവനപുസ്തകത്തിൽ പതിച്ച് ചേർത്തതിന് ശേഷം മാത്രം വിടുതൽ ചെയ്യാൻ പ്രഥമാദ്ധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്.

അന്തർജില്ലാ സ്ഥലം മാറ്റം അനുവദിക്കപ്പെട്ട അദ്ധ്യാപകർ ഈ ഉത്തരവ് കൈപ്പറ്റി 14 ദിവസത്തിനകം ഈ ജില്ലയിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവ് റദ്ദായതായി കണക്കാക്കുന്നതാണ്.

അന്തർജില്ലാ സ്ഥലം മാറ്റം അനുവദിക്കപ്പെട്ട അദ്ധ്യാപകർ പരാമർശം (3) ഉത്തരവിന്റെയടിസ്ഥാനത്തിൽ ഈ ജില്ലയിൽ നിരീക്ഷണകാലം പൂർത്തീകരിക്കേണ്ടതാണ്. പരാമർശം (4)-ലെ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം വിദൂരപ്രദേശത്ത് സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർ അഞ്ച് വർഷം വിദൂരപ്രദേശത്ത് തന്നെ സേവനമനുഷ്ഠിച്ചുകൊള്ളാമെന്ന സത്യപ്രസ്താവന പ്രഥമാദ്ധ്യാപകർക്ക് സമർപ്പിക്കുകയും ആയത് പ്രഥമാദ്ധ്യാപകർ സാക്ഷ്യപ്പെടുത്തി സേവനപുസ്തകത്തിൽ പതിക്കേണ്ടതുമാണ്.

അപേക്ഷയുടെ അടിസ്ഥാനത്തിൽ നൽകപ്പെട്ട സ്ഥലംമാറ്റമാകയാൽ നിശ്ചിത തീയതിക്കകം ഈ ജില്ലയിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള വിവരങ്ങൾ വസ്തുതാ വിരുദ്ധമാണെന്ന് ഏതെങ്കിലും സാഹചര്യത്തിൽ ബോധ്യപ്പെടുകയാണെങ്കിൽ, മുൻകൂർ നോട്ടീസ് നൽകാതെ അനുവദിക്കപ്പെട്ട സ്ഥലം മാറ്റം റദ്ദ് ചെയ്യുന്നതാണ്.

Scanned by CamScanner

| ക്രമ നം | അദ്ധ്യാപകന്റെ പേരും, സ്കൂളിന്റെ പേരും | തസ്തിക | സ്ഥലംമാറ്റം അനുവദിക്കുന്ന സ്കൂളിന്റെ പേര് | റിമാർക്സ് |
|---|---|---|---|---|
| 1 | വിദ്യ.എസ് ഗവൺമെന്റ് ടൗൺ യു.പി. എസ്, കൊല്ലം | ജൂനിയർ ലാംഗ്വേജ് ടീച്ചർ പാർട്ട്ടൈം (സംസ്കൃതം) | ടി.എസ്.എസ്.ജി.യു.പി. എസ്, തകഴി | ജനറൽ |

സ്ഥലംമാറ്റഉത്തരവ് ഉടൻ പ്രാബല്യത്തിൽ നടപ്പിൽ വരുത്തുവാൻ ആവശ്യമായ നടപടികൾ ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകർ സ്വീകരിക്കേണ്ടതും, വിടുതൽ/പ്രവേശന റിപ്പോർട്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

ധന്യ.ആർ.കുമാർ
വിദ്യാഭ്യാസ ഉപഡയറക്ടർ
ആലപ്പുഴ

സ്വീകർത്താവ്

1) ബന്ധപ്പെട്ട അദ്ധ്യാപകർ
2) ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകർ
3) ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക്
4) ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്ക്
5) കരുതൽ ഫയൽ

എൽ 28.05.2019

Scanned by CamScanner